LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് സഹകരണഭവൻ കെട്ടിടത്തിന്റെ അപകടാവസ്ഥ

309(3234) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ സഹകരണ വകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്ന സഹകരണ ഭവൻ കെട്ടിടത്തിന്റെ അപകടാവസ്ഥ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണ റിപ്പോർട്ടിൽ പ്രസ്തുത കെട്ടിടത്തിന്റെ സുരക്ഷിതത്വത്തെക്കുറിച്ച് പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാരുടെ വിദഗ്ധസമിതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് ശിപാർശ ചെയ്തിരുന്നുവോ ;

(ബി) ഉണ്ടെങ്കിൽ വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ശിപാർശ ചെയ്തിരുന്നു. പൊതുമരാമത്ത് വകുപ്പിന് ഇത് ചെയ്യുവാനുള്ള സംവിധാനങ്ങൾ ഇല്ലാത്തതിനാൽ ചെന്നൈയിലുള്ള Structural Engineering Research Centre-നെക്കൊണ്ട് അന്വേഷണം നടത്തി. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കൽപ്പറ്റ മേപ്പാടി ബൈപ്പാസ് നിർമ്മാണം

310(3235) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ മേപ്പാടി ബൈപ്പാസിന്റെ പ്രവർത്തനപുരോഗതി വിശദമാക്കുമോ ;

(ബി) പ്രസ്തുത ബൈപ്പാസിന്റെ സ്ഥലം ഏറ്റെടുക്കുന്ന പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു.

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

(ബി) ഇല്ല. മേപ്പാടി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് 4.6211 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 431/2013/ പൊ.മ.വ., തീയതി 25-3-2013 പ്രകാരം അർത്ഥനാ പത്രം ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം കോട്ടപ്പാടി വില്ലേജ് ഓഫീസറുടെ നേതൃത്വത്തിൽ സംയുക്ത പരിശോധന നടത്തുകയും ചില സർവ്വേ നമ്പരുകൾ തെറ്റായി ഉൾപ്പെട്ടതായും ചിലത് വിട്ടു പോയതായും കണ്ടെത്തുകയും ലഭ്യമായ അലൈൻമെന്റ് പ്രകാരം കണ്ടെത്തി ഉൾപ്പെട്ടുവരുന്ന സർവ്വേ നമ്പരുകൾ നടപടികൾക്കായി ലഭ്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ റവന്യൂ വിഭാഗത്തിൽ നിന്നും ഇപ്രകാരം ലഭ്യമായ സർവ്വേ നമ്പരുകളോടൊപ്പം സ്ഥലത്തിന്റെ വിസ്തീർണ്ണം ഉൾപ്പെടുത്തിയിരുന്നില്ല. ആയത് വൈത്തിരി തഹസിൽദാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

കുന്ദമംഗലം മണ്ഡലത്തിലെ പ്രവൃത്തികൾ

311(3236) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിലയിരുത്തൽ നടത്തുന്നതിന് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16-7-2014-ന് ചേർന്ന യോഗത്തിൽ കുന്ദമംഗലം മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിയിലും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിലയിരുത്തൽ നടത്തുന്നതിന് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16-7-2014 ന് ചേർന്ന യോഗത്തിൽ കുന്ദമംഗലം മണ്ഡലത്തിലെ നിരത്ത്, ദേശീയപാത, കെട്ടിട വിഭാഗങ്ങളുമായി ബന്ധപ്പെട്ട മരാമത്ത് പ്രവൃത്തികൾ ത്വരിതപ്പെടുത്താനുള്ള നിർദ്ദേശങ്ങളാണ് നൽകിയത്. പ്രസ്തുതപ്രവൃത്തികളും അതിന്മേൽ സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly